"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്തുവകുപ്പ് - പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ്, ശബരിമല ഇടത്താവളം എന്നിവയുടെ നിർമ്മാണത്തിനായി ഏറ്റെടുത്ത ഭൂമിയുടെ LAR കേസുകളിൽ (LAR 70/2011, 71/2011, 72/2011, 73/2011, 74/2011, 86/2011, 06/2013) വിധിച്ചുകയായ ₹9,36,77,033/- രൂപയുടെ ഭരണാനുമതി - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.967/2026/PWD തീയതി,തിരുവനന്തപുരം, 20-08-2026

---

പരാമർശം:-

1. G.O.(Rt) No.223/2001/LSGD തീയതി 20.01.2001.
2. G.O.(Rt) No.1748/2010/PWD തീയതി 20.11.2010
3. ബഹു: ഹൈക്കോടതി മുമ്പാകെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് ഫയൽ ചെയ്ത WP (C) No. 23474/2022 നമ്പർ കേസ്.
4. അന്തർ വകുപ്പുതല തർക്ക പരിഹാര കമ്മിറ്റിയുടെ (Inter Departmental Resolution Committee) 30.10.2024-ലെ യോഗ തീരുമാനം.
5. 23.12.2025 ലെ പത്തനംതിട്ട ജില്ലാ കളക്ടറുടെ DCPTA/4622/25/C9 നമ്പർ കത്ത്.
6. ബഹു: ഹൈക്കോടതി മുമ്പാകെ ശ്രീ. അബി ജോസഫ് ഫയൽ ചെയ്ത WP (C) No. 11063/2026 നമ്പർ കേസ്.
7. പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) എഞ്ചിനീയറുടെ 30-07-2026, 31-07-2026 തീയതികളിലെ CEPWD-PTA/8/2023-A1(W)-BL നമ്പർ കത്തുകൾ.
8. G.O.(Rt) No.6458/2026/Fin തീയതി 13-08-2026.
9. ബഹു: ഹൈക്കോടതി യുടെ WP(C) No. 11063/2026 മേലുള്ള 13.08.2026 തീയതിയിലെ ഉത്തരവ്.
10. സ.ഉ.(സാധാ) നം.953/2026/PWD തീയതി 18.08.2026.
11. ബഹു: ഹൈക്കോടതി യുടെ WP(C) No. 11063/2026 മേലുള്ള 19.08.2026 തീയതിയിലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡും ശബരിമല ഇടത്താവളവും നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് 7 LAR കേസുകളിൽ (LAR 70/2011, 71/2011, 72/2011, 73/2011, 74/2011, 86/2011,

06/2013) കോടതി വിധികളുടെ അടിസ്ഥാനത്തിൽ വിധിത്തുകയായ ₹9,36,77,033/- (ഒമ്പത് കോടി മുപ്പത്തിയാറ് ലക്ഷത്തി എഴുപത്തെഴായിരത്തി മുപ്പത്തിമൂന്ന് രൂപ മാത്രം) അനുവദിക്കുന്നതിന് ഭരണാനുമതി നൽകി പരാമർശം (10) പ്രകാരം ഉത്തരവായിരുന്നു.

(2) പ്രസ്തുത ഉത്തരവിലെ ഖണ്ഡിക (6)ലെ നിബന്ധനകൾ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (11) പ്രകാരം ബഹു: ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായി.

(3) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുകളുടെയും, പരാമർശം (7) ലെ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലും, 30.10.2024-ൽ ചേർന്ന ഇന്റർ ഡിപ്പാർട്ട്മെന്റൽ റെസല്യൂഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരവും, പരാമർശം (8) പ്രകാരം ധനകാര്യ വകുപ്പ് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിലും, റാന്നി-പഴവങ്ങാടി ബസ് ഡിപ്പോയുടെയും, ശബരിമല ടൂറിസ്റ്റ് സെന്ററിന്റെയും നിർമ്മാണവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഭൂമി സർക്കാർ പുറമ്പോക്ക് ഭൂമിയായി (PWD land) മാറ്റുന്നതിനായി നിലവിലുള്ള ഏഴ് LAR (LAR 70/2011, 71/2011, 72/2011, 73/2011, 74/2011, 86/2011, 06/2013) കേസുകൾ തീർപ്പാക്കുന്നതിനായും, പഴവങ്ങാടി വില്ലേജിലെ റീ-സർവ്വേ നമ്പരുകളായ 258/6, 258/7, 258/8, 258/9, 258/10, 260/2 എന്നിവയിൽപ്പെട്ട 01 ഹെക്ടർ 12 ആർ 68 ച.മീ ഭൂമി ഏറ്റെടുക്കുന്നതിലേക്കായും "4059-80-201 Acquisition of Land-99-Payment of compensation in LAR cases-P-C" എന്ന ശീർഷകത്തിൽ നിന്നും 31-07-2026 വരെയുള്ള കാലയളവിലേക്ക് 9,36,77,033/- രൂപ (ഒമ്പത് കോടി മുപ്പത്തിയാറു ലക്ഷത്തി എഴുപത്തേഴായിരത്തി മുപ്പത്തിമൂന്നു രൂപ മാത്രം) അനുവദിച്ച് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(4) പരാമർശം (10)-ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക (6)ൽ മേൽ പ്രസ്താവിച്ച പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

(5) പരാമർശം (10)-ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, പത്തനംതിട്ട.
സെക്രട്ടറി, റാന്നി പഴവങ്ങാടി ഗ്രാമ പഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് [ 17.08.2026 തീയതിയിലെ 3030990-I&PW-B2/25/2025-FIN ]
റവന്യൂ വകുപ്പ് [M1/109/2025/Rev ]
തദ്ദേശസ്വയംഭരണ (RE) വകുപ്പ് [RE1/13/22/LSGD]
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Digitally signed by
Sudha B
Date: 20-08-2026
17:40:51

സെക്ഷൻ ഓഫീസർ